(സി) പറശ്ശിനിക്കടവ് പാമ്പുവളർത്തൽ കേന്ദ്രത്തിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന വന്യജീവികളെ പിടിച്ച് എടുക്കാൻ ഉത്തരവിട്ടത് വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ്. പ്രസ്തുത നടപടിയിൽ കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട്, കൺസർവേറ്റർ (നോർത്ത് സർക്കിൾ), കോഴിക്കോട്, വൈൽഡ് ലൈഫ് വാർഡൻ വയനാട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ കോഴിക്കോട്, കണ്ണൂർ തുടങ്ങിയ വനം വകുപ്പ്.

(ഡി) സാങ്കേതിക വിദഗ്ദ്ധരുടെ ലഭ്യത അനുസരിച്ചാണ് പിടിച്ചെടുക്കൽ ഈ ദിവസം നടത്തിയത്.

(ഇ) പിടിച്ചെടുത്ത് താൽക്കാലിക കൂടുകളിൽ സൂക്ഷിച്ചിരുന്ന ജീവികളെ കോടതി ഉത്തരവുപ്രകാരം പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിൽ തന്നെ നിലവിലുണ്ടായിരുന്ന രീതിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

(എഫ്) ഈ ജീവികളെ തിരിച്ച് സ്നേക്ക് പാർക്കിൽ വിട്ടപ്പോൾ 3 പക്ഷികളും, 1 മൂർഖനും 22 ചീങ്കണ്ണിക്കുഞ്ഞുങ്ങളും ചത്തതായി കാണുകയുണ്ടായി. ഇവ ചാകാനുള്ള കാരണത്തെപ്പറ്റി അന്വേഷണം നടത്തിവരികയാണ്.

(ജി) ജീവികളെ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ ഉപദേശം അനുസരിച്ച് അംഗീകൃത മാർഗങ്ങൾ അവലംബിച്ചിരുന്നു.

(എച്ച്) 7-12-2000 ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഐ) നിയമവിരുദ്ധമായും അനധികൃതമായും സൂക്ഷിച്ചിരുന്ന വന്യജീവികളെ നിയമാനുസൃതം പിടിച്ചെടുക്കുന്നത് ഒരു സാധാരണ നടപടി മാത്രമാണ്. ഇത് ഒരു നയപരമായ കാര്യമല്ല.

സമഗ്ര ഗതാഗത നയം

105 (788) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു സമഗ്ര ഗതാഗത നയം രൂപപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് സ്മാർട്ട് കാർഡ് ലൈസൻസിംഗ് സമ്പ്രദായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വിശദാംശങ്ങൾ പരിഗണിച്ചു വരുന്നു.

ഇന്ധന വിലയായി കെ. എസ്. ആർ. ടി. സി. യുടെ കുടിശ്ശിക

106 (790) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇന്ധനം വാങ്ങുന്നത് ഏത് കമ്പനിയിൽ നിന്നുമാണ് ;

(ബി) 15-1-2001 -ലെ കണക്കനുസരിച്ച് ഈ കമ്പനിക്ക് ഇന്ധനവിലയിൽ എന്തു തുക കുടിശ്ശികയുണ്ടായിരുന്നു ;

(സി) ഈ കുടിശ്ശിക അടയ്ക്കണമെന്ന് അവർ പ്രസ്തുത തീയതിക്ക് മുമ്പായി എത്ര പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ കുടിശ്ശിക അടയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) കുടിശ്ശിക അടയ്ക്കാതിരുന്നതുകൊണ്ട് അവർ ഇന്ധനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം ;

(എഫ്) ഇതുമൂലം കെ. എസ്. ആർ. ടി. സി. യുടെ എത്ര ട്രിപ്പുകൾ നിറുത്തലാക്കി;

(ജി) ഈ ട്രിപ്പുകളിലൂടെ ദൂരം എത്ര കിലോമീറ്റർ ആണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇത് മൂലം കളക്ഷനിൽ വന്ന കുറവ് എത്രയാണ് ;

(ഐ) കെ. എസ്. ആർ. ടി. സി. ട്രഷറിയിൽ അടച്ച എന്തു തുക പ്രസ്തുത തീയതിക്ക് തിരിച്ചു കിട്ടാനുണ്ട് ?

ഉത്തരം

(എ) ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനിൽ നിന്നുമാണ് ഇന്ധനം വാങ്ങുന്നത്.

(ബി) 31-1-2001-ലെ കണക്കനുസരിച്ച് ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് 17.88 കോടി രൂപയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 1.65 കോടി രൂപയും കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly